LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം ഇറമുഖ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കൽ

126(130) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിക്കും അനുബന്ധ വികസനത്തിനുംവേണ്ടി ആവശ്യമായ ഭൂമി എത്ര എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ; ഇതിനകം എത്ര ഭൂമി ഏറ്റെടുത്തു ;

(ബി) പദ്ധതിയുടെ ടെണ്ടറിൽ എത്ര ഏക്കർ ഭൂമി ലഭ്യമാക്കും എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ; ഈ ഭൂമിയ്ക്ക് നിലവിൽ കണക്കാക്കപ്പെടുന്ന വില എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ടെണ്ടറിലെ വ്യവസ്ഥയനുസരിച്ച് ഭൂമി സർക്കാരിന് തിരിച്ചുകിട്ടുന്നത് എപ്പോഴായിരിക്കും ?

ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിക്കാവശ്യമായി കണക്കാക്കപ്പെട്ടിട്ടുള്ളത് 229.10 ഏക്കർ ഭൂമിയാണ്. ഇതിൽ 206.87 ഏക്കർ ഭൂമി ഇതിനകംതന്നെ ഏറ്റെടുത്തു കഴിഞ്ഞു. ഇത് റെയിൽവേ ഒഴികെ പദ്ധതിക്ക് ആവശ്യമായ സ്ഥലമാണ്. റെയിൽവേ ആവശ്യവുമായി ബന്ധപ്പെട്ട് ഇതുവരെ ഭൂമി നോട്ടിഫൈ ചെയ്തിട്ടില്ല

(ബി) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടറിൽ പദ്ധതി ആവശ്യത്തിനായി 229.10 ഏക്കർ ഭൂമി നിർമ്മാണത്തിനും നടത്തിപ്പിനുമായി ലൈസൻസ് അനുവദിച്ച് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നാളിതുവരെ 206.87 ഏക്കർ ഭൂമി സർക്കാർ ഭൂ ഉടമകളുമായി ഉഭയസമ്മത പ്രകാരം അംഗീകരിച്ച (2010-13) കമ്പോള വിലയനുസരിച്ച് 524.41 കോടി രൂപ മുതൽമുടക്കി ഏറ്റെടുത്തിട്ടുണ്ട്.

(സി) ടെണ്ടർ അനുസരിച്ച് ഭൂമി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ ആയിരിക്കും. സ്വകാര്യ പങ്കാളിക്ക് പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായി നാല്പതു വർഷത്തേക്ക് ലൈസൻസ് അനുവദിച്ചു നൽകാൻ മാത്രമാണ് വ്യവസ്ഥ

വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ ടെണ്ടർ നടപടികൾ

127 (130) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്ത അദാനി പോർട്സ് കമ്പനിയുടെ പ്രതിനിധികളുമായി, ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ച 2013 ഡിസംബർ 4-ന് ശേഷം സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം പ്രതിനിധികൾ എവിടെയെല്ലാം വച്ച്, എന്തെല്ലാം ചർച്ചകളിൽ ഏർപ്പെടുകയുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) മുഖ്യമന്ത്രിയും ഉറമുഖവകുപ്പ് മന്ത്രിയും മുൻ ചീഫ് സെക്രട്ടറിയും ഉൾപ്പെടെ ആരെല്ലാം ഏതെല്ലാം തീയതികളിൽ എവിടെയെല്ലാം വച്ച്, അദാനി പോർട്സിന്റെ ഏതെല്ലാം പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായിട്ടുണ്ട് ; ഓരോ ചർച്ചയുടേയും ഉദ്ദേശ്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) വി.ജി.എഫ്.-ന്റെയും കബോട്ടാഷ് നിയമത്തിന്റെയും കാര്യത്തിൽ അദാനി പോർട്സ് പ്രതിനിധികൾ ഉന്നയിച്ച സംഗതികൾ എന്തെല്ലാമായിരുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖ പദ്ധതിയുടെ ടെണ്ടർ നടപടി ക്രമങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ യോഗ്യത നേടിയവരിൽനിന്നും രണ്ടാം ഘട്ടത്തിനായുള്ള റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) വാങ്ങിയതും പ്രീ-ബിഡ് മീറ്റിംഗിൽ പങ്കെടുക്കുവാൻ അർഹത നേടിയതുമായ കമ്പനികളുമായി നടന്ന ചുവടെ പറയുന്ന നാല് മീറ്റിംഗുകളിലും അദാനി പോർട്ട്സിന്റെ പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്.

പ്രീ-ബിഡ് മീറ്റിംഗ്	തീയതി	സ്ഥലം	പങ്കെടുത്ത കമ്പനികൾ
I	21st May, 2014	ഡൽഹി	Essar Ports Ltd, SREI-OHL Consortium, Adani Ports & Special Economic Zone Ltd.
II	14th July, 2014	മുംബൈ	SREI-OHL Consortium, Adani Ports & Special Economic Zone Ltd.
III	17th November, 2014	മുംബൈ	Adani Ports & Special Economic Zone Ltd
IV	9th March, 2015	മുംബൈ	SREI-OHL Consortium, Adani Ports & Special Economic Zone Ltd.

പ്രീ-ബിഡ് മീറ്റിംഗിൽ സർക്കാരിനുവേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി പോർട്ടസ്, വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖ കമ്പനിയ്ക്കുവേണ്ടി മാനേജിംഗ് ഡയറക്ടർ, പ്രോജക്ട് മാനേജേഴ്സ്, എന്നിവരും പദ്ധതിയുടെ ട്രാൻസാക്ഷൻ&ഫിനാൻഷ്യൽ അഡ്വൈസറായ Ernest & Young, Technical Advisor ആയ AECOM, Legal Advisor ആയ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Hemant Sahai Associates എന്നിവരുടെ പ്രതിനിധികളും പങ്കെടുത്തു. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited-ന്റെ ചെയർമാനുമായി, ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താൽപര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം ഉറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ്-ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (ഉറമുഖം), ഡൽഹി റസിഡന്റ് കമ്മിഷണർ, ഉറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, ഉറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(ബി) ബോംബെ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ടെണ്ടറിന്റെ ഭാഗമായി നടന്ന പ്രീ-ബിഡ് മീറ്റിംഗുകളിലും Technical, Financial & legal മീറ്റിംഗുകളിലും ഒന്നാംതന്നെ മുഖ്യമന്ത്രിയും ഉറമുഖ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയും പങ്കെടുത്തിരുന്നില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited-ന്റെ ചെയർമാനുമായി, ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം ഉറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഇപ്പോഴത്തെ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (ഉറമുഖം), ഡൽഹി റസിഡന്റ് കമ്മിഷണർ, കമ്പനി മാനേജിംഗ് ഡയറക്ടർ, ഉറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(സി) കബോട്ടാഷ് നിയമത്തിൽ വിഴിഞ്ഞം ഉറമുഖത്തിന് ഇളവ് ലഭിക്കുന്നത് ഉറമുഖത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണെന്ന് അദാനി പോർട്ട്സ് അഭിപ്രായപ്പെട്ടു. അതുകൊണ്ടുതന്നെ കബോട്ടാഷ് നിയമത്തിലെ ഇളവ് കരാറിലെ (വ്യവസ്ഥയിലെ) "Conditions Precedent" ആക്കണമെന്ന് അവർ അഭ്യർത്ഥിച്ചു. ആ അഭ്യർത്ഥന അംഗീകരിച്ചില്ല. വി.ജി.എഫ്. സംബന്ധിച്ച് യാതൊരു സംഗതികളും അദാനി പോർട്ട്സ് ഉന്നയിച്ചിരുന്നില്ല. എങ്കിലും വി.ജി.എഫ്. അനുമതിയുടെ തൽസ്ഥിതി വിവരം ബിഡ് ഘട്ടത്തിൽ അവർ പലപ്പോഴും ആവശ്യപ്പെട്ടിരുന്നു.